ഖുത്വ്ബ
നമ്പർ
47

بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ 2011 നവംമ്പർ 25**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



Baitul Futuh, London

# സ്വാതന്ത്ര്യം : ഇസ്ലാമിക വീക്ഷണം

ആഫ്രിക്കൻ വൻകരയിലെ ചില നാടുകളിൽ ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചു വരികയാണ്. ഈ പരിപാടികളിൽ നമ്മുടെ പാൻ ആഫ്രിക്കൻ അസോസിയേഷനും പങ്കെടുക്കുന്നുണ്ട്. ഈ അസോസിയേഷൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ കാലത്താണ് സ്ഥാപിക്കപ്പെട്ടത്. ആഫ്രിക്കൻ അഹ്മദികളുടെ ഒരു അസോസിയേഷനാണിത്. ചുരുക്കത്തിൽ ആഫ്രിക്കൻ നാടുകളിലെ സന്തോഷത്തിൽ നമ്മുടെ അസോസിയേഷനും പങ്കാളികളാകുന്നുണ്ട്. അവർ അതിനുള്ള പ്രോഗ്രാമുകൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. ഈ വേളയിൽ ഞങ്ങൾ ഒരു പരിപാടി ആസൂത്രണം ചെയ്യുന്നുണ്ടന്നും അതിൽ പങ്കെടുക്കണമെന്നും അവർ എന്നോട് അപേക്ഷിച്ചിരിക്കുകയാണ്. അവരുടെ പരിപാടിയിൽ ഇൻശാ അല്ലാഹ് ഞാൻ പങ്കെടുക്കുന്നതായിരിക്കും. എന്നാൽ ഇന്ന് സ്വാതന്ത്ര്യം എന്ന വിഷയത്തെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളുമായി പങ്കിടാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

അടിമത്വത്തിൽ നിന്ന് മോചനവും മതസ്വാതന്ത്ര്യവും വ്യക്തിസ്വാതന്ത്ര്യവും എല്ലാം മഹത്തായ അനുഗ്രഹങ്ങളാണ്. ആഫ്രിക്ക ഉപഭൂഖണ്ഢം ഒരു ദീർഘകാലം വരെ ഭരണീയ സമൂഹമെന്ന നിലക്ക് അടിമത്വത്തിൽ ജീവിതം കഴിച്ചുകൂട്ടിയിട്ടുണ്ട്. അത്കൊണ്ട് ഈ നാടുകൾ ആഘോഷിക്കുന്ന സ്വാതന്ത്ര്യദിനവും ജൂബിലിയും എല്ലാം തന്നെ അവർക്ക് തീർച്ചയായും വളരെ പ്രാധാന്യം അർഹിക്കുന്നത് തന്നെയാണ്. ഈ ഒരാഘോഷം അവരുടെ അവകാശവുമാണ്. *ഇവർ ഇന്നേക്ക് പത്തറുപത് വർഷം മുമ്പ് വിവിധ നാടുകളിൽ കരസ്ഥമാക്കിയ ഈ സ്വതന്ത്ര്യം അല്ലാഹു യഥാർഥ സ്വതന്ത്ര്യമാക്കി മാറ്റട്ടെ. അടിമത്വത്തിന്റെ ചങ്ങലകളിൽ വീണ്ടും അവർ ബന്ധനസ്ഥരാകാതിരിക്കട്ടെ.* വിശ്വസ്ഥതയോടും സദുദ്ദേശ്യത്തോടും നീതിബോധത്തോടും കൂടി ഈ സ്വാതന്ത്ര്യത്തിൽ നിന്നും ഇവർ ഫലമെടുക്കുകയാണെങ്കിൽ ആഫ്രിക്കൻ ഉപഭൂഖണ്ഢം വരും കാലത്ത് ലോകത്തിന് വഴികാട്ടുന്ന ആ ദിനം വിദൂരമല്ല.

മതചരിത്രത്തിലേക്ക് നാമൊന്ന് കണ്ണോടിച്ച് നോക്കുകയാണെങ്കിൽ മതസ്ഥാപകർ അഥവാ പ്രവാചകന്മാർ ലോകത്ത് വരുന്നതിന്റെ ഏറ്റവും സുപ്രധാനമായ ഒരു ദൗത്യം സ്വാതന്ത്ര്യം നൽകലാണ്. അക്രമികളായ ഭരണാധികാരികളായ ഫിർഔനിൽ നിന്നുള്ള സ്വാതന്ത്ര്യമാണെങ്കിലും മതം വികൃതമായതുകാരണം മതത്തിന്റെ കുത്തകാവകാശികളായവർ തങ്ങളുടെ താൽപര്യങ്ങൾക്കായി മതത്തിൽ കടത്തിക്കൂട്ടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കാരണമായി ജനങ്ങളുടെ കഴുത്തിൽ ഇടപ്പെട്ട വളയത്തിൽ നിന്നുള്ള മോചനമായാലും നാനാതരം അടിമത്വത്തിൽ നിന്നുമുള്ള മോചനം പ്രവാചകന്മാർ മുഖേനയാണുണ്ടാകുന്നത്. എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ. പല സമൂഹങ്ങലും ഈ യഥാർഥ്യത്തെ തിരിച്ചറിഞ്ഞില്ലെന്ന് മാത്രം. അവർ സ്വാതന്ത്ര്യത്തിന്റെ യഥാർഥ ധ്വജവാഹകരെ നിഷേധിച്ചുകൊണ്ട് തങ്ങളുടെ യഥാർഥ സ്വാതന്ത്ര്യത്തിൽ നിന്നും അകറ്റപ്പെട്ടു എന്നുമാത്രമല്ല അല്ലാഹുവിന്റെ പിടിയിൽ വന്നുകൊണ്ട് അവർ നാശമടയുകയും ചെയ്തു. അവർ ഭൗതികരായ ഭരണാധികാരികളുടെ അടിമത്വത്തെ ഭരണാധികാരികളുടെ ഭരണാധികാരിയായ (അഹ്കമുൽ ഹാകിമീനായ) അല്ലാഹുവിന്റെ അടിമത്വത്തെത്തേക്കാളും പ്രാമുഖ്യം കൽപ്പിക്കുകയാണ് ചെയ്തത്. ഏതൊരു അടിമത്തം സ്വീകരിച്ചാലായിരുന്നുവോ സ്വാതന്ത്ര്യത്തിന്റെ പുതിയ കവാടങ്ങൽ തുറക്കപ്പെടുന്നത് ആ അടിമത്വത്തെ അവർ നിഷേധിച്ചുകളഞ്ഞു. അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ താൽപര്യങ്ങൾ മാറിമറയുമ്പോൾ സ്വാതന്ത്ര്യം നഷ്ടപ്പെടുക മാത്രമല്ല ചെയ്തത് മറിച്ച് ഇരുലോകവും തന്നെ അവർക്ക് നഷ്ടമാകുകയും ചെയ്തു.

സ്വാതന്ത്ര്യത്തെക്കുറിച്ച് അതിന്റെ യാഥാർത്ഥ്യത്തിന്റെ ഉള്ളറയിലേക്ക് നാം ചെല്ലുകയാണെങ്കിൽ പ്രവാചകന്മാർ മുഖേന ലഭിക്കുന്ന സ്വാതന്ത്ര്യമാണ് യഥാർഥ സ്വാതന്ത്ര്യമെന്ന് മനസ്സിലാകുന്നതാണ്. ഈ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ സൂര്യനായി നമ്മുടെ മുമ്പിലുള്ളത് **തിരുനബി** ﷺ യുടെ അസ്തിത്വമാകുന്നു. ആ സൂര്യകിരണങ്ങൾ ദൂരെദൂരെ വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അത് നാനാതരം സ്വതന്ത്ര്യത്തെയും വലയം ചെയ്യുകയും ചെയ്തിരിക്കുന്നു. ആ മഹാത്മാവ് ഭൗതികമായ അടിമത്വത്തിൽ നിന്നും മോചനം നൽകുക മാത്രമല്ല ചെയ്തത്, മനുഷ്യൻ തന്റെ കഴുത്തിലണഞ്ഞിരുന്ന വിവിധങ്ങളായ വളയങ്ങളിൽ നിന്നും സ്വതന്ത്ര്യം നേടിക്കൊടുക്കുകയുണ്ടായി. ആ മഹാത്മാവുമായി യഥാർഥ രീതിയിൽ ബന്ധം സ്ഥാപിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ അസ്തിത്വം സ്വാതന്ത്ര്യം നേടിത്തരുവാനുള്ള ഒരു മാർഗമാണ്. അല്ലാഹു ആ മഹാത്മാവിനെ **ഖാത്തമുന്നബിയ്യീൻ** എന്ന ബഹുമതി നൽകി അനുഗ്രഹിക്കുകയുണ്ടായി. **തിരുനബി** ﷺ യുടെ ഖാത്തമിയ്യത്ത് എല്ലാ ഭൗതികവും ആത്മീയവുമായ കാര്യങ്ങളെ സ്വാംശീകരിച്ചുകൊണ്ട് അതിൽ സാക്ഷ്യമുദ്ര പതിപ്പിക്കുകയുണ്ടായി. അല്ലാഹുവിന്റെ ഈ പ്രഖ്യാപനത്തിനുശേഷം മുഹമ്മദീ മുദ്രമാത്രമാണ് സർവ്വവിധ ശ്രേഷ്ഠതകളിലും സാക്ഷ്യമുദ്ര പതിപ്പിക്കുകയെന്നതിൽ ഒരു സദ്പ്രകൃതക്കാരനും ഒട്ടും സംശയം ഉണ്ടായിരിക്കില്ല. ഈ ശ്രേഷ്ഠതകളുടെ ഔന്നത്യം തിരുദൂതരുടെ അസ്ഥിത്വത്തിലാണ് പൂർണ്ണമായിത്തീരുന്നത്. ഓരോ പ്രവർത്തിയുടെയും ഓരോ കാര്യത്തിന്റെയും ഔന്നത്യവും **തിരുനബി** ﷺ ആയിരിക്കയാൽ ഏതു രീതിയിലുള്ള സ്വതന്ത്ര്യം നേടിക്കൊടുക്കുന്നതിലും **തിരുനബി** ﷺ തന്നെയാണ് പൂർണ്ണതയിൽ എത്തേണ്ടിയിരുന്നത്. അദ്ദേഹം എത്തുകയും ചെയ്തു. ഈ ശ്രേഷ്ഠതകളെല്ലാം അതിമഹത്തരമായ രീതിയിൽ **നബി** ﷺ മുഖേന പൂർത്തിയായതായി ഒരു ലോകം കാണുകയും ചെയ്തു.

**തിരുനബി** ﷺ യുമായി തങ്ങളെ യഥാർഥ അർത്ഥത്തിൽ ബന്ധപ്പെടുത്തുന്നവർ ഇത് പൂർത്തിയാകുന്നതായി കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**തിരുനബി** ﷺ യിൽ ഇറക്കപ്പെട്ട ഖാത്തമുൽ കുതുബായ ഗ്രന്ഥത്തിൽ സ്വാതന്ത്ര്യത്തിന്റെ വിഷയം വിവിധ രീതിയിൽ വിവിധ മാർഗത്തിൽ വിവരിക്കുന്നുണ്ട്. അതോടൊപ്പം **നബി** ﷺ യുടെ ഉദാത്ത മാതൃക ഈ മനോഹരമായ അധ്യാപനത്തിന്റെ ശോഭ പതിൻമടങ്ങ് വർദ്ധിപ്പിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് പറയുന്നു فَكُّ رَقَبَةٍ കഴുത്തിനെ മോചിപ്പിക്കുക. അഥവാ അടിമയെ സ്വതന്ത്രനാക്കുക. സ്വാതന്ത്ര്യത്തിനായി സഹായിക്കുക. അല്ലാഹു പറയുന്നു. ആയത്തിന്റെ ചില ഭാഗം ഞാൻ കേൾപ്പിക്കാം.

وَاٰتَى الْمَالَ عَلٰى حُبِّهٖ ذَوِى الْقُرْبٰى وَالْيَتٰمٰى

وَالْمَسٰكِيْنَ وَابْنَ السَّبِيْلِ ۙ وَالسَّآئِلِيْنَ وَفِى الرِّقَابِ

അവർ ധനത്തോടുള്ള സ്നേഹം നിലനിൽക്കേ അടുത്ത ബന്ധുക്കൾക്കും യത്തീമുകൾക്കും മിസ്ക്കീനുകൾക്കും യാത്രക്കാർക്കും യാചകർക്കും കഴുത്തുകൾ സ്വതന്ത്രമാക്കുന്നതിനും ധനം നൽകുന്നു. അഥവാ അടിമകളെ മോചിപ്പിക്കുന്നതിനായി.

ഈ ആയത്തിന്റെ തുടക്കത്തിൽ ഉള്ള വിഷയം മുമ്പിൽ വെക്കുകയാണെങ്കിൽ ഇവിടെ പറയുന്നത് ഇതെല്ലാം അതിമഹത്തായ നന്മകളാണെന്നാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും ഗ്രന്ഥങ്ങളിലും പ്രവാചകരിലും വിശ്വസിച്ചതിനുശേഷം ഈ നന്മകളാണ് ദാസരെ ദൈവവുമായി സമീപസ്തമാക്കുന്നത്. ഈ നന്മകളിൽ അടിമത്ത്വത്തിൽ നിന്നുള്ള മോചനവും ഉൾപ്പെടുന്നു. അതുകൊണ്ട് വിശ്വാസത്തിന്റെ അവസ്ഥ നിലനിറുത്തേണമെങ്കിൽ നന്മയിൽ മുന്നേറിക്കൊണ്ടിരിക്കണമെങ്കിൽ, നന്മയുടെ ഉന്നത നിലവാരം പ്രകടമാകണമെങ്കിൽ അടിമകളെ മോചിപ്പിക്കുക എന്ന നന്മയും ചെയ്യേണ്ടതാണ്. ഹദീസുകളിൽ ഇതിനുള്ള പല ഉദാഹരണങ്ങളും നമുക്ക് ലഭിക്കുന്നുണ്ട്.

ബുഖാരിയിൽ നിന്നുള്ള ഒരു നിവേദനത്തിൽ വരുന്നു. ഹദ്റത്ത് അബൂഹുറൈറ رضي الله عنه യിൽ നിന്നും നിവേദനം. **നബി** ﷺ പറയാറുണ്ടായിരുന്നു. "അടിമയെ സ്വതന്ത്രനാക്കുന്ന ഏതൊരു മുസ്‌ലിമിനെയും അല്ലാഹു നരകത്തിൽ നിന്നും പൂർണ്ണമായും മോചിപ്പിക്കുന്നതാണ്."

ഇസ്‌ലാമിൽ വിവിധ സന്ദർഭങ്ങളിൽ പ്രായശ്ചിത്തമെന്ന നിലക്ക് അടിമകളെ സ്വതന്ത്രമാക്കുക എന്ന അധ്യാപനം വിശുദ്ധ ഖുർആനിൽ വിവിധ സ്ഥലങ്ങളിൽ കാണാവുന്നതാണ്. ഒരു വിശ്വാസി അബദ്ധത്തിൽ മറ്റൊരു വിശ്വാസിയെ വധിച്ചുപോയിട്ടുണ്ടെങ്കിൽ അതിനുള്ള പ്രായശ്ചിത്തമായി പറഞ്ഞത് അടിമകളെ മോചിപ്പിക്കുക എന്നും മറ്റുമാണ്. ഒരു വിശ്വാസിയെ വധിച്ചാൽ മാത്രമാണ് ഈ പ്രായശ്ചിത്തമെന്നില്ല. മറിച്ച് ഏതെങ്കിലും സമൂഹവുമായി നിങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ കാഫിറായ വ്യക്തി നിങ്ങളാൽ വധിക്കപ്പെട്ടു കഴിഞ്ഞാൽ പോലും പ്രായശ്ചിത്തമായി ഒരു അടിമയെ സ്വതന്ത്രമാക്കുക. ദൈവത്തിന്റെ പേരിൽ സത്യം ചെയ്തതിനുശേഷം അതിനെ ലംഘിക്കുകയാണെങ്കിൽ അതിനുള്ള പ്രായശ്ചിത്തമായി ഓരോരുത്തരുടെയും കഴിവനുസരിച്ച് വിവിധ പ്രായശ്ചിത്തം നിശ്ചയിച്ചപ്പോൾ അതിൽ ഒന്ന് അടിമകളെ സ്വതന്ത്രമാക്കുക എന്നതുമാണ്.

ചുരുക്കത്തിൽ വിവിധ സന്ദർഭങ്ങളിൽ അടിമകളെ സ്വതന്ത്രമാക്കാനുള്ള കൽപനയിൽ നിന്നും ഉരുത്തിരിയുന്ന ഒരു കാര്യം ഇസ്‌ലാം പതുക്കെപ്പതുക്കെ അടിമത്വത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു എന്നതാണ്. **തിരുനബി** ﷺ യുടെ കാലത്തും അതിനുമുമ്പും അടിമകളെ വെക്കുക എന്നത് പൊതുവായ ഒരു കാര്യമായിരുന്നു. ഇസ്‌ലാം വന്നുകൊണ്ട് ഈ അടിമത്വത്തെ ഇല്ലാതാക്കുന്നതിനായി വിവിധ സന്ദർഭങ്ങളിൽ ഊന്നൽ നൽകുകയുണ്ടായി. ഹദീസിൽ ഇത്രവരെ വരുന്നുണ്ട്. അസ്മാ ബിൻത്ത് അബി ബക്കർ رضي الله عنها രിവായത്ത് ചെയ്യുന്നു. **തിരുനബി** ﷺ മുസ്‌ലീം കളോട് പറയാറുള്ളത് "സൂര്യഗ്രഹണം സംഭവിക്കുമ്പോഴും നിങ്ങൾ അടിമകളെ മോചിപ്പിക്കുക" എന്നതാണ്. കഴിവുള്ളവർ ഇങ്ങനെ നിർബന്ധമായും ചെയ്യണം.

അടിമകളുടെ അന്തസ്സും അവരുടെ അവകാശവും **നബി** ﷺ സംരക്ഷിക്കുകയുണ്ടായി. നിവേദനത്തിൽ വരുന്നു. 7 സഹോദരന്മാരുണ്ടായിരുന്നു. അവർക്കെല്ലാവർക്കും കൂടി ഒരു അടിമയാണുണ്ടായിരുന്നത്. ഒരിക്കൽ ഒരു സഹോദരന് ദേഷ്യം വന്നു. ദേഷ്യത്തിൽ അടിമയുടെ മുഖത്ത് ഒരൊറ്റ അടിവെച്ചുകൊടുത്തു. **തിരുനബി** ﷺ യുടെ അടുത്ത് ഈ വിവരം എത്തി. **നബി** ﷺ പറഞ്ഞു. "ഈ അടിമയെ മോചിപ്പിക്കുക. ഈ അടിമയെ വെക്കാനുള്ള അവകാശം നിങ്ങൾക്കില്ല. കാരണം അടിമയോട് പെരുമാറേണ്ടത് എങ്ങിനെയാണെന്ന് പോലും നിങ്ങൾക്കറിയില്ല."

അടിമകളെ വെക്കുക എന്നത് സാധാരണ സംഭവമായിരുന്നു അക്കാലത്ത്, അടിമകൾ ധനികരുടെ സമ്പത്ത് കൂടിയായിരുന്ന അക്കാലത്ത്, അടിമകൾ ആരുടെ പക്കലാണോ അധികമുള്ളത് അവരെ ഏറ്റവും വലിയ ധനികന്മാരായി കണക്കാക്കപ്പെട്ടിരുന്ന അക്കാലത്ത് മുസ്‌ലീംകൾക്ക് നൽകുന്ന കൽപന, നിങ്ങൾ വിശ്വാസമാകുന്ന യഥാർഥ സമ്പത്ത് ആഗ്രഹിക്കുന്നവരാണെങ്കിൽ അടിമകളെ സ്വതന്ത്രമാക്കുന്നതാണ് ഉത്തമം എന്നായിരുന്നു. അവരുടെ സ്വാതന്ത്ര്യത്തിനുള്ള വഴികൾ ഒരുക്കുക. ഈ കൽപ്പന പ്രകാരം സഹാബത്ത് അവരുടെ കഴിവനുസരിച്ച് ഡസൻ കണക്കു മുതൽ ആയിരക്കണക്കിന് അടിമകളെ വരെ സ്വതന്ത്രരാക്കുകയുണ്ടായി. ഹദ്റത്ത് ഉസ്മാനിബ്നു അഫ്ഫാനെക്കുറിച്ച് പറയപ്പെടുന്നത് അദ്ദേഹം ഒരവസരത്തിൽ ഇരുപതിനായിരം അടിമകളെ സ്വതന്ത്രമാക്കിയിട്ടുണ്ട് എന്നാണ്. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് സ്വതന്ത്രമാക്കുകയുണ്ടായി. ആരുടെ പക്കൽ ജോലിക്കായി അടിമകൾ ഉണ്ടായിരുന്നുവോ ആ അടിമകളെക്കുറിച്ച് ഇസ്‌ലാം അവർക്ക് നൽകിയിരുന്ന പാഠം നിങ്ങൾ അവരോട് നിങ്ങളുടെ സഹോദരന്മാരെപ്പോലെ വർത്തിക്കണം എന്നായിരുന്നു. നിങ്ങൾ ധരിക്കുന്നതുപോലെ അവരെയും ധരിപ്പിക്കുക. നിങ്ങൾ ഭക്ഷിക്കുന്നതുപോലെ അവർക്കും നൽകുക. **തിരുനബി** ﷺ യുടെ സ്വന്തം മാതൃക നോക്കുക. ഹദ്റത്ത് ഖദീജ(റ) വിവാഹത്തിന് ശേഷം തന്റെ അടിമകളെയും സമ്പത്തും എല്ലാം **തിരുനബി** ﷺ ക്ക് നൽകിയപ്പോൾ ആ അടിമകളെയെല്ലാം **തിരുനബി** ﷺ സ്വതന്ത്രമാക്കുകയാണുണ്ടായത്. ഹ: സൈദ്ബ്നു ഹാരിസ رضي الله عنه അതിൽപ്പെട്ട ഒരടിമയായിരുന്നു. അദ്ദേഹത്തെ തന്റെ വളർത്തുപുത്രനാക്കി. അദ്ദേഹത്തോട് കാണിച്ച വാത്സല്യവും മമതയും കാരണം അദ്ദേഹത്തിന്റെ പിതാവും ബന്ധുവും അദ്ദേഹത്തെ കൊണ്ടുപോകാനായി വന്നപ്പോൾ സൈദ് رضي الله عنه അവരുടെ കൂടെ പോകാൻ കൂട്ടാക്കിയില്ല. **തിരുനബി** ﷺ യുടെ പെരുമാറ്റം യഥാർഥത്തിൽ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അത്യുന്നതമായ നിലവാരം കരസ്ഥമാക്കിയതായിരുന്നു. അത് സ്വാതന്ത്ര്യത്തെക്കാളും അടിമത്ത്വത്തിന് മുൻഗണന നൽക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സ്നേഹത്തിന്നെതിരിൽ സ്വന്തം രക്തബന്ധത്തെപോലും പിമ്പുറം

തള്ളുകയുണ്ടായി. ചുരുക്കത്തിൽ ഇസ്‌ലാമിനും **നബി** ﷺ ക്കും എതിരിൽ ആക്ഷേപം ഉന്നയിക്കുന്നവർക്ക് ഈ സ്വാതന്ത്ര്യത്തിന്റെ ആയിരത്തിലൊരംശമോ ലക്ഷത്തിലൊരംശമോ സമർപ്പിക്കാൻ സാധ്യമല്ല. ആരാണ് അടിമകളെ സ്വതന്ത്രമാക്കാൻ ഇത്രമാത്രം പ്രവർത്തിച്ചതെന്നും മാനവരാശിയുടെ സ്വാതന്ത്രത്തിനായി ഇത്രമാത്രം പ്രവർത്തിച്ചതെന്നും തെളിയിക്കാൻ കഴിയുമോ.

**തിരുനബി** ﷺ തന്നെ അംഗീകരിക്കുന്നവരോട് പറഞ്ഞത് നിങ്ങളുടെ അടിമകൾ ജോലി ചെയ്യുമ്പോഴും നിങ്ങൾ അവരോട് നല്ല രീതിയിൽ പെരുമാറുക. വല്ല കഠിനമായ ജോലിയും അവർക്ക് നൽകിയിട്ടുണ്ടെങ്കിൽ തന്നെ നിങ്ങൾ അവരെ സഹായിക്കണം. ചുരുക്കത്തിൽ **തിരുനബി** ﷺ അടിമത്വത്തിന്റെ നിർവചനം തന്നെ മാറ്റി എഴുതുകയുണ്ടായി. ഇതിന്റെ കാരണമായാണ് ഒരു ഇറ്റാലിയൻ ഓറിയന്റലിസ്റ്റായ ഡോ. ഡിഗ്‌ലറി ഇപ്രകാരം എഴുതിയത്. അടിമത്വത്തിന്റെ സമ്പ്രദായം മനുഷ്യസമൂഹം ഉണ്ടായ നാൾ മുതൽ ഉള്ളതാണ്. അത് ഇന്നും നിലനിൽക്കുന്നു. മുസ്‌ലിംകൾ അപിഷ്കൃതരായാലും പരിഷ്കൃതരായാലും ശരി അവരുടെ ഇടയിൽ അടിമകളുടെ സ്ഥിതി മറ്റു സമൂഹങ്ങളെ വെച്ചുനോക്കുമ്പോൾ എത്രയോ മെച്ചപ്പെട്ട അവസ്ഥയിലാണ് കാണുന്നത്. പൗരസ്ത്യ നാടുകളിലെ അടിമത്വത്തിന്റെ അവസ്ഥ അമേരിക്കിയിൽ നൂറുവർഷം മുമ്പുള്ള അടിമത്വവുമായി താരതമ്യം ചെയ്യുക എന്നത് അനീതിയായിരിക്കുമെന്ന് ഞാൻ കണക്ക് കൂട്ടുന്നു. പ്രവാചക വചനങ്ങളിൽ എന്തുമാത്രം മാനുഷിക സഹാനുഭൂതിയാണ് അടിമകളോട് പ്രകടിപ്പിച്ചുകാണുന്നത് എന്ന് നോക്കുക.

**തിരുനബി** ﷺ പറയുന്നു. "അവൻ എന്റെ അടിമയാണെന്ന് പറയരുത്. അവൻ എന്റെ കുട്ടിയാണെന്ന് പറയുക. അവൾ എന്റെ അടിമ സ്ത്രീയാണെന്ന് പറയരുത്. അവൾ എന്റെ മകളാണെന്ന് പറയുക." ചരിത്രപരമായി നാം ഈ സംഭവങ്ങളെ ഒന്ന് വിശകലനം ചെയ്യുകയാണെങ്കിൽ **തിരുനബി** ﷺ ഈ വിഷയത്തിൽ അതിമഹത്തായ പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഇസ്‌ലാമിന് മുമ്പുവരെ കടം വീട്ടാൻ കഴിയാത്ത ഒരു സ്വതന്ത്ര വ്യക്തിക്ക് തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായിരുന്നു. കടം വാങ്ങിയ വ്യക്തി കടം വീട്ടുന്നതുവരെ കടം കൊടുത്ത വ്യക്തിയുടെ അടിമയായി കഴിയേണ്ടിയിരുന്നു. അതല്ലെങ്കിൽ അങ്ങനെയുള്ള സാഹചര്യങ്ങൾ അവിടെ ഉണ്ടായിരുന്നു. എന്നാൽ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഒരു സ്വതന്ത്രനായ മുസ്‌ലിമിനെയും അടിമയാക്കിവെക്കാൻ ഒരു മുസ്‌ലിമിനും സാധിക്കുമായിരുന്നില്ല. **അല്ലാഹുവിന്റെ പ്രവാചകൻ** ﷺ അടിമത്വത്തെ പരിമിതപ്പെടുത്തുക മാത്രമല്ല ചെയ്തത്. മറിച്ച് അതുമായി ബന്ധപ്പെട്ടുകൊണ്ട് എന്ത് ചെയ്യണം എന്ത് ചെയ്യരുത് എന്ന് പറയുകയും മുസ്‌ലിംകളോട് ഇക്കാര്യത്തിൽ എപ്പോഴും ഒരു പടി മുമ്പോട്ട് വെച്ചുകൊണ്ട് എല്ലാ അടിമകളും സ്വതന്ത്രരാകുന്ന ആ സുദിനം വരുന്നതുവരെ മുന്നോട്ട് പോകാനും പറയുകയുണ്ടായി.

ഈ ഉദ്ധരണി പ്രൊഫസർ ഡിഗ്‌ലറി സാഹിബിന്റെ ഇറ്റലി ഭാഷയിൽ എഴുതിയ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്ന് എടുത്തതാണ്. അമേരിക്കയിലെ അഹ്‌മദിയ്യാ ജമാഅത്ത് ഒരു കാലത്ത് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ വളരെ മനോഹരമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. ഇത് പ്രസിദ്ധീകരിക്കാൻ ഏതെങ്കിലും വ്യക്തിക്ക് അതിന്റെ പകർപ്പവകാശം നൽകിയിട്ടില്ലെങ്കിൽ, അമേരിക്കൻ ജമാഅത്തിന് ഇത് പ്രസിദ്ധീകരിക്കാനുള്ള അനുവാദമുണ്ടെങ്കിൽ ഇത് വീണ്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. ഇസ്‌ലാമിനെയും **നബി** ﷺ യെയും ആക്ഷേപിക്കുന്ന ശത്രുക്കളുടെ വായ അടക്കാൻ ഇത് മതിയാകുന്നതാണ്.

ചുരുക്കത്തിൽ ഈ അധ്യാപനവും ഈ മാതൃകകളും അന്യരാൽപോലും പുകഴ്ത്തപ്പെട്ടതാണ്. ഇത് യഥാർഥത്തിൽ മനുഷ്യസ്വാതന്ത്ര്യത്തിന്റെ യാഥാർഥ്യം വിളിച്ചോതുന്നതാണ്. വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽനിന്നുമുള്ള ചില ഉദാഹരണങ്ങൾ ഞാൻ കേൾപ്പിക്കുകയുണ്ടായി. ഇതുസംബന്ധമായി എത്രയോ നിർദ്ദേശങ്ങളും ഉപദേശങ്ങളും നമുക്ക് ലഭിക്കുന്നുണ്ട്. ഈ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമേ ലോകത്തിന് യഥാർഥ സ്വാതന്ത്ര്യം ലഭ്യമാകുകയുള്ളൂ. ശാന്തിയും നീതിയും സൗഹൃദവും നിലനിൽക്കുകയുള്ളൂ.

ആഫ്രിക്കയിൽ സ്വാതന്ത്ര്യം ലഭിച്ച സ്ഥലങ്ങളിലുള്ള അഹ്‌മദികൾ ഈ അധ്യാപനത്തെ അവിടെ വ്യാപിപ്പിക്കേണ്ടതാണ്. കൂടുതൽ പേരെ **തിരുനബി** ﷺ യുടെ അടിമത്വത്തിൽ കൊണ്ടുവരിക. എന്നാൽ മാത്രമേ എന്താണ് സ്വാതന്ത്ര്യം എന്ന് അവർക്ക് തിരിച്ചറിയാൻ കഴിയുകയുള്ളൂ. ഒരു പ്രാവശ്യം ഗോൾഡൻ ജൂബിലി ആഘോഷിച്ചതുകൊണ്ട് മാത്രം യഥാർഥ സ്വാതന്ത്ര്യം ലഭിക്കില്ല. സ്വാതന്ത്ര്യം നിലനിൽക്കണമെങ്കിൽ ഭരണാധികാരികളും ജനങ്ങൾ ഈ സ്വാതന്ത്ര്യത്തെ നിലനിർത്തേണ്ടത് എങ്ങിനെയാണെന്ന് തിരിച്ചറിഞ്ഞിരിക്കണം. അതിന് എന്തെല്ലാം മാർഗങ്ങളാണ് നാം സ്വീകരിക്കേണ്ടതെന്ന് അവർ അറിയണം. ആ മാർഗങ്ങൾ നമുക്ക് **തിരുനബി** ﷺ യുടെ മാതൃകയിലും വിശുദ്ധ ഖുർആനിലും കാണാൻ സാധിക്കുന്നതാണ്. ഡിഗ്‌ലറി സാഹിബ് എഴുതിയത് മുസ്‌ലിംകളെ അടിമകളാക്കി വെക്കാൻ കഴിയില്ല എന്നാണ്. എന്നാൽ യഥാർഥ ഇസ്‌ലാമിക സമൂഹത്തിൽ ഒരിക്കലും തന്നെ ആരെയും അടിമകളാക്കപ്പെടുകയില്ല. **നബി** ﷺ തന്റെ വിയോഗത്തിനുമുമ്പ് നൽകിയ അവസാന ഉപദേശത്തിൽ പറഞ്ഞത് നമസ്കാരത്തെക്കുറിച്ചും അടിമകളെക്കുറിച്ചുമുള്ള എന്റെ ഉപദേശം നിങ്ങൾ ഒരിക്കലും മറക്കരുത് എന്നാണ്. എന്നാൽ മുസ്‌ലിംകളുടെ ഭരണാധികാരികളുടെയും ധനികന്മാരുടെ നിർഭാഗ്യമെന്നല്ലാതെ മറ്റെന്തു പറയാൻ. ഈ രണ്ട് അധ്യാപനങ്ങളും അവർ മറന്നു കളഞ്ഞു. നമസ്കാരത്തിൽ ആ താൽപര്യവും ആവേശവും കാണുന്നില്ല. ദൈവഭയവും കാണുന്നില്ല മാത്രമല്ല. അടിമത്വം ഇല്ലാതാക്കാനുള്ള ശ്രമവും കാണുന്നില്ല. അടിമകളെ വിലകൊടുത്തുവാങ്ങുന്ന മുമ്പുള്ള സമ്പ്രദായം ഇതില്ലെങ്കിലും ഭരണത്തിന്റെ പേരിൽ പൊതുജനങ്ങളോട് അടിമകളെപ്പോലെയാണ് പെരുമാറുന്നത്. ചില നാടുകളിലുള്ള അസ്വസ്ഥതകൾക്കും കുഴപ്പങ്ങൾക്കും കാരണം, പ്രത്യേകിച്ച് അറബ് മുസ്‌ലിം നാടുകളിൽ, പൊതുജനങ്ങൾ കരുതുന്നത് ഞങ്ങളോട് അടിമകളോട് പെരുമാറുന്നതുപോലെയാണ് പെരുമാറുന്നത് എന്നതുകൊണ്ടാണ്. ഒരു ഗവൺമെന്റ് ജനാധിപത്യത്തിന്റെ പേരിൽ വരുന്നു. പിന്നീട് അവർ ശ്രമിക്കുന്നത് പ്രസിഡന്റായ വ്യക്തി ജീവിതാവസാനം വരെ പ്രസിഡന്റായിത്തന്നെ നിലനിൽക്കണം എന്നാണ്. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ മക്കൾ ഭരണത്തിൽ തുടരണമെന്നും ആഗ്രഹിക്കുന്നു. സ്തുതിപാഠകരുടെയും തൽപരകക്ഷികളും ഇവരുടെ ചുറ്റുംകൂടി ഇവരുടെ താൽപര്യങ്ങളും കാഴ്ചപ്പാടുകളും എല്ലാം മാറ്റിമറിക്കുന്നു. അങ്ങനെ അവർ ഭരണം ഉറപ്പിക്കുന്നതിനായി എല്ലാ മാർഗങ്ങളും അവലംഭിക്കുന്നു. സ്വന്തം നാട്ടുകാർക്ക് നേരെ വെടി ഉതിർക്കുന്നു. ഇസ്‌ലാമിക വിരുദ്ധ ശക്തികൾ, വൻ രാഷ്ട്രങ്ങൾ എന്നിവർ തങ്ങളുടെ താൽപര്യങ്ങൾ നേടിയെടുക്കുന്നതിനും രാജ്യത്തിന്റെ സമ്പത്ത് ഊറ്റിയെടുക്കുന്നതിനും വേണ്ടി, പൊതുജനങ്ങൾ ഭരണകൂട

ഭീകരതയിൽ നിന്നും മോചനത്തിനായി ചെയ്യുന്ന ഈ വിപ്ലവത്തെ മുതലെടുത്ത്കൊണ്ട് അതിനെ ആളിക്കത്തിക്കുന്നു. ഇവരെ സഹായിക്കാനെന്ന പേരിലാണ് വൻശക്തികൾ വരുന്നതെങ്കിലും അത് പിന്നീട് വളരെ പൈശാചിക രൂപം സ്വീകരിക്കുകയും നാടിന്റെ അവസ്ഥ 100 വർഷം പിന്നോട്ട് കൊണ്ടുപോകുന്നു എന്നു മാത്രമല്ല, സ്വാതന്ത്ര്യത്തിനുള്ള പൊതുജനപ്രക്ഷോപം വീണ്ടും അടിമത്വത്തിലേക്ക് നയിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യുന്നു. സ്വന്തം ആളുകളുടെ അടിമത്വത്തിൽ നിന്ന് മോചിതരായി അന്യരുടെ അടിമത്വത്തിലേക്ക് അവർ ചെന്നെത്തുന്നു. നേരിട്ടല്ലെങ്കിലും ശരി. ഈ കാര്യം ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതാണ്. ചില വൻശക്തികൾ ഏതൊരു ഭരണകൂടത്തെ സഹായിച്ചുകൊണ്ട് അവരെ അവരുടെ കസേരയിൽ തന്നെ വർഷങ്ങളോളം ഇരുത്തിയൊ അപ്പോഴൊന്നും അവർ പൊതുജനങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിനെക്കുറിച്ച് അൽപംപോലും ചിന്തിക്കുന്നില്ല. എന്നാൽ തങ്ങളുടെ താൽപര്യങ്ങൾ ആ ഭരണകൂടങ്ങളിൽ നിന്നും ലഭിക്കാതെ വരുമ്പോൾ പൊതുജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞ് ആ ഭരണകൂടങ്ങളെ മറിച്ചിടുന്നു. അവരെ സ്ഥാനഭ്രഷ്ടരാക്കാൻ ശ്രമിക്കുന്നു. എന്നാൽ ഇപ്പോൾ അടുത്ത കാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ചില കാര്യങ്ങൾ വെച്ച് നോക്കുമ്പോൾ ഭരണം മാറി പുതിയ ഭരണം വന്നപ്പോൾ ഈ വൻ ശക്തികളും വെപ്രാളപ്പെടുകയാണ്. കാരണം തങ്ങളുടെ താൽപര്യത്തിനുതകുന്ന ഭരണമല്ല ഇവിടെ വന്നിരിക്കുന്നത്. ചില സ്ഥലങ്ങളിൽ അവർ ആഗ്രഹിച്ചതുപോലെയുള്ള മാറ്റങ്ങളല്ല വന്നിട്ടുള്ളത്. അതല്ലെങ്കിൽ അവർ വിചാരിച്ചതുപോലുള്ള മാറ്റങ്ങൾ അവിടെ സംഭവിക്കില്ലെന്ന് അവർക്ക് മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. ഇത് അവരെ കൂടുതൽ അസ്വസ്ഥരാക്കിയിരിക്കുകയാണ്. ഇനി കുഴപ്പത്തിന്റെയും കാപട്യത്തിന്റെയും പുതിയ ഒരധ്യായം തുറക്കപ്പെടാൻ പോകുകയാണ്. ചില സ്ഥലങ്ങളിൽ ഇത് തുടങ്ങിക്കഴിഞ്ഞു. പൊതുജനങ്ങളും തെറ്റിദ്ധാരണയിൽ അകപ്പെട്ടിരിക്കുന്നു. അവർ ഒരു ഭരണകൂടത്തിന്റെ അടിമത്വത്തിൽ നിന്നും മോചിതരായി മറ്റൊരു ഭരണത്തിന്റെ അടിമത്വത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ ഇതു നടന്നുകഴിഞ്ഞു. നാടിന്റെ സമ്പത്ത് ഇപ്പോഴും പൊതു ജനങ്ങളുടെ ക്ഷേമത്തിനായോ അവരുടെ പുരോഗതിക്കായോ അവർക്ക് അവരുടെ അവകാശവും നീതിയും നേടിക്കൊടുക്കുന്നതിനായോ അവരെ വിദ്യസമ്പന്നരാക്കുന്നതിനായോ ചെലവഴിക്കപ്പെടുന്നില്ല; ചെലവഴിക്കപ്പെടുകയുമില്ല. കാരണം ഏതൊരും ഭരണമാണൊ ഇനി വരുന്നത് അവരും അവരുടെതായ താൽപര്യങ്ങളുമായാണ് വരുന്നത്. പൊതുജനങ്ങളിൽ പട്ടിണിയും താഴ്ന്ന ജീവിത നിലവാരവും മുമ്പും ഉണ്ടായിരുന്നതാണ്. അത് നീക്കപ്പെടുമെന്ന് വ്യാമോഹം നിലനിൽക്കുന്നുണ്ടെങ്കിലും അത് അകറ്റപ്പെടുന്നതല്ല. ഇതേ അവസ്ഥ തന്നെ തുടരുന്നതാണ്. കുറച്ചു കാലങ്ങൾക്ക് ശേഷം നിങ്ങൾക്കിത് കാണാൻ സാധിക്കുന്നതാണ്. കാരണം **തിരുനബി** ﷺ യുടെ ഉപദേശമനുസരിച്ച് ഭരണാധികാരികൾ പ്രവർത്തിക്കുന്നില്ല. മുസ്ലിംകൾ എന്ന് പറയപ്പെടുന്നുണ്ടെങ്കിലും **തിരുനബി** ﷺ യുടെ ഉപദേശമനുസരിച്ചല്ല അവർ പ്രവർത്തിക്കുന്നത്. പണ്ടുകാലത്ത് ഒരു വ്യക്തി തന്റെ സമ്പത്തിന്റെ ഹുങ്കിൽ അടിമകളെ വെച്ചിരുന്നു. ഇപ്പോൾ നാടിന്റെ സമ്പത്ത് നാട്ടുകാരെ അടിമകളാക്കിവെക്കാനായി വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇക്കാര്യങ്ങൽ മീഡിയകളും പറയാൻ തുടങ്ങി. അതുമായി ബന്ധപ്പെട്ട ചിത്രങ്ങളും വീഡിയോകളും എല്ലാം വന്നുകൊണ്ടിരിക്കുന്നു. എണ്ണ ഉൽപാദന രാഷ്ട്രങ്ങളിൽ പോലും ദാരിദ്രവും പട്ടിണിയും കാണപ്പെടുന്നു. ഒരു ഭാഗത്ത് സ്വർണ്ണത്തിന്റെ മണിമാളികകളാണെങ്കിൽ മറുഭാഗത്ത് നാട്ടുകാർക്ക് രണ്ടുനേര ഭക്ഷണംപോലും വയറുനിറച്ച് ലഭിക്കുന്നില്ല. അവകാശങ്ങൾ ധ്വംസിച്ചുകൊണ്ട് പൊതുജനങ്ങളെ അടിമകളാക്കി വെച്ചിരിക്കുകയാണ്.

ഒരു കാലമുണ്ടായിരുന്നു. അന്ന് ഹ: ഉമർ رضي الله عنه വിന് തന്റെ സൈന്യത്തെ ക്രിസ്തീയ പ്രദേശങ്ങളിൽ നിന്നും പിൻവലിക്കേണ്ടതായി വന്നു. അന്ന് ശത്രുക്കളുടെ ശക്തി കാരണം മുസ്ലിംകൾക്ക് തങ്ങളുടെ നിയന്ത്രണം ആ പ്രദേശത്ത് നിലനിർത്താൻ സാധിച്ചിരുന്നില്ല. അപ്പോൾ ആ ക്രിസ്തീയ നാട്ടുകാരിൽ നിന്ന് അവരുടെ സംരക്ഷണത്തിനും അവരുടെ പുരോഗതിക്കുമായി അവരിൽ നിന്നും നികുതി ഇനത്തിൽ വാങ്ങിയ പണം, അവരുടെ അവകാശം നൽകുന്നതിനായി സ്വരുക്കൂട്ടിയ ധനം, അവർക്ക് തിരിച്ചു നൽകുകയുണ്ടായി. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇനി സാധിക്കാത്തതുകൊണ്ട് നിങ്ങളിൽ നിന്നും വസൂലാക്കിയ തുക ഇതാ തിരിച്ചേൽപ്പിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് തിരിച്ചു കൊടുത്തു. അപ്പോൾ ക്രിസ്ത്യാനികളായ ആ പ്രജകൾ കരയുകയായിരുന്നു. അവർ കരഞ്ഞുകൊണ്ട് പറഞ്ഞിരുന്നത് “നിങ്ങൾ തന്നെ വീണ്ടും തിരിച്ചുവരട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന. കാരണം നിങ്ങളെപ്പോലെയുള്ള ഭരണാധികാരികളെ ഞങ്ങൾ കണ്ടിട്ടില്ല. മുസ്ലിം ഭരണത്തിൽ ഞങ്ങൾക്ക് ലഭിച്ച നീതിയും അവകാശങ്ങളും ഞങ്ങളുടെ ഭരണത്തിൽപോലും ഞങ്ങൾക്ക് ലഭിച്ചിട്ടില്ല.” എന്നാൽ ഇന്നത്തെ അവസ്ഥ നോക്കുക. മുസ്ലിം ഭരണാധികാരികൾ മുസ്ലിം പൊതുജനത്തിന്റെ സമ്പത്ത് തന്നെ കൊള്ളയടിക്കുന്നു. നാട്ടിൽ നീതിയില്ല. അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. ആരുടെയും ജീവനും സ്വത്തും സുരക്ഷിതമല്ല. എന്നിട്ട് ഇവർ വാദിക്കുന്നത് നോക്കുക; ഞങ്ങൾ ഞങ്ങളുടെ ജനങ്ങൾക്ക് വേണ്ടി ചെയ്യുന്നത്ര മറ്റാർക്കും ചെയ്യാൻ സാധ്യമല്ല എന്നാണ്. വിവിധ നാടുകളിൽ ഇപ്പോൾ ഉണ്ടായിരിക്കൊണ്ടിരിക്കുന്ന ഈ വിപ്ലവങ്ങളിൽ നിന്ന് തൽപരകക്ഷികൾ ഫലമെടുത്തുകൊണ്ടിരിക്കുകയാണ്. ചിലർ മതത്തിന്റെ പേരിൽ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പൊതുജനത്തിന്റെ അവകാശങ്ങൾ അവർക്ക് നൽകപ്പെട്ടിരുന്നെങ്കിൽ, ഭരണകൂടങ്ങൾ നീതിയിൽ നിലനിൽക്കുകയും ചെയ്തിരുന്നെങ്കിൽ ഈ ഒരു സ്ഥിതി വിശേഷം സംജാതമാകുമായിരുന്നില്ല. ഭരണകൂടങ്ങൾ അത്യാഗ്രഹം വെടിഞ്ഞ് നീതിനിഷ്ഠമായ ഭരണം നടത്തിയിരുന്നെങ്കിൽ ഈ കുഴപ്പങ്ങൾ ഒരിക്കലും തലപൊക്കുമായിരുന്നില്ല.

മതപരമായ ആളുകളെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. പൊതുജനങ്ങൾക്ക് മതവിദ്യാഭ്യാസം ഇല്ലാത്തതുകാരണം അവർ മതത്തിൽ തെറ്റായ കാര്യങ്ങൾ കടത്തിക്കൂട്ടി, തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ജനങ്ങളുടെ കഴുത്തുകളിൽ അനാചാരത്തിന്റെയും അന്ധവിശ്വാസത്തിന്റെയും വളയമാണ് അവരുടെ കഴുത്തുകളിൽ ഇട്ടിരിക്കുന്നത്. അങ്ങനെ അവരെ ഈ രീതിയിൽ അടിമകളാക്കി മാറ്റുകയുണ്ടായി. അല്ലാഹു ഈ **മഹാനായ പ്രവാചകൻ** ﷺ യെ അയച്ചത് മനുഷ്യത്വത്തിന്റെ മഹത്വം നിലനിർത്താനാണ്. അദ്ദേഹത്തെക്കുറിച്ച് അല്ലാഹു പറയുന്നു.

وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ

നമ്മുടെ ഈ പ്രവാചകൻ അവരുടെ ഭാരത്തെ ദൂരീകരിക്കുന്നു. അവരുടെ കഴുത്തിൽ ഇട്ടിരിക്കുന്ന വളയത്തെ ഊരിക്കളയുന്നു. എന്നാൽ ഇന്ന് നാം ഈ കൽപ്പനയുടെ നേരെ വിപരീതമാണ് കാണുന്നത്. ഈ പ്രവാചകനെ അംഗീകരിക്കുന്നു എന്ന് വാദിക്കുന്ന മുസ്ലിം നാടുകൾ അവകാശങ്ങൾ നൽകുന്നതിലും

നീതി നടപ്പിൽ വരുത്തുന്നതിലും സ്വാതന്ത്ര്യം നൽകുന്നതിലും മാതൃകകളാകേണ്ടതായിരുന്നു. മറ്റു അമുസ്‌ലിം നാടുകൾ ഇവരുടെ നീതിയും സത്യവും പൊതുജനസ്വാതന്ത്ര്യവും അവരുടെ പുരോഗതിയും കണ്ടുകൊണ്ട് ഇവരിൽ നിന്നും പാഠം പഠിക്കേണ്ടതായിരുന്നു. എന്നാൽ ഇവിടെ അതിനു വിരുദ്ധമായാണ് നാം കാണുന്നത്. യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ പരത്തുന്ന ഉലമാ വർഗം, നാനാതരം ബിദ്അത്തുകളിൽ നിന്നും മുസ്‌ലിം ജനസാകല്ല്യത്തെ രക്ഷപ്പെടുത്തേണ്ടവർ, പൊതുജനത്തിന്റെ കഴുത്തിൽ ബന്ധനങ്ങളുടെ ചങ്ങലകളാണിട്ടത്. ഇരുകൂട്ടരും മുസ്‌ലിം പൊതുജനത്തെ അടിമത്വത്തിൽ കൊണ്ടെത്തിക്കുകയും കഴുത്തുകളിൽ അടിമത്വത്തിന്റെ വളയങ്ങൾ ഇടുകയുമാണ് ചെയ്തത്.

അതുകൊണ്ട് വെറും ഭരണാധികാരികളെ മാത്രം കുറ്റപ്പെടുത്തുന്നില്ല. ഇക്കാലത്തെ പണ്ഢിത വർഗവും ഇതിന് ഉത്തരവാദികളാണ്. അവർ ജനങ്ങളുടെ വികാരത്തെ ഇളക്കിവിട്ടുകൊണ്ട് തെറ്റായ ആചാരാനുഷ്ഠാനങ്ങൾ മതത്തിന്റെ പേരും പറഞ്ഞ് കടത്തിക്കൂട്ടി. അതിന്റെ അടിമകളാക്കി പൊതു ജനങ്ങളെ മാറ്റുകയുണ്ടായി. ഈ അവസ്ഥ തുടർന്നുകൊണ്ടിരിക്കും. ഒരിക്കലും അവസാനിക്കുകയില്ല. ഇക്കാലത്ത് മനുഷ്യമൂല്ല്യങ്ങൾ സംരക്ഷിക്കുന്നതിനും നമ്മെ നാനാതരം ബന്ധനങ്ങളിൽ നിന്നും വളയങ്ങളിൽ നിന്നും സ്വതന്ത്രമാകുന്നതിനുമായി അല്ലാഹു അയച്ച മഹാത്മാവിനെ സ്വീകരിക്കാത്തിടത്തോളം ഈ അവസ്ഥ തുടരുന്നതാണ്. അദ്ദേഹംവന്നുകൊണ്ട് ഒരേഒരു അടിമത്വം സ്വീകരിക്കാനാണ് പറഞ്ഞത്. അത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അടിമത്വമാണ്. ഈ അടിമത്വത്തിൽ വരുമ്പോൾ സ്വാതന്ത്ര്യത്തിന്റെ പുതിയ കവാടങ്ങൾ തുറക്കപ്പെടുന്നതായി നമുക്ക് ദർശിക്കാൻ സാധിക്കുന്നതാണ്. സമത്വം കാണാൻ സാധിക്കും. ഒരു മനോഹരമായ സൊസൈറ്റി നമുക്ക് ദൃശ്യമാകുന്നതാണ്. അവിടെ അവകാശം നേടിയെടുക്കാൻ പ്രകടനങ്ങൾ നടത്തേണ്ട ആവശ്യം വരില്ല. സ്വാതന്ത്ര്യം നേടിയെടുക്കാൻ തെറ്റായ മാർഗങ്ങൾ അവലംബിക്കേണ്ടി വരില്ല. മറിച്ച് അവകാശങ്ങൾ നൽകാനായി മന്നനും യാചകനും പരിശ്രമിക്കുന്നതാണ്.

മുസ്‌ലിംകളുടെ അന്തസ്സ് നിലനിർത്താനും വിവിധങ്ങളായ കുഴപ്പങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കാനും ഒരേ ഒരു മാർഗമേയുള്ളൂ. അത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അത് സാധിക്കണമെങ്കിൽ രണ്ടുതരത്തിലുമുള്ള അവകാശങ്ങൾ നിലനിറുത്താനായി അല്ലാഹു ഇക്കാലത്തയച്ച മഹാത്മാവിനെ നിഷേധിക്കുന്നതിൽ നിന്നും വിട്ടുനിൽക്കേണ്ടിയിരിക്കുന്നു. ഹ: മസീഹ് മൗഊദ് عليه السلام ഈ അധ്യാപനങ്ങളെ വിവിധ രീതിയിൽ വിവിധ സന്ദർഭങ്ങളിൽ നമ്മുടെ മുമ്പാകെ വെച്ചിട്ടുണ്ട്. ഇത് സത്യവും നീതിയും സ്ഥാപിക്കുകയും സ്ഥായിയായ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നതാണ്. അദ്ദേഹം ഒരു സ്ഥലത്ത് പറയുന്നു. “ഓർക്കുക. ഒരു മുസ്‌ലിം അല്ലാഹുവിനോടുള്ള കടപ്പാടും സൃഷ്ടികളോടുള്ള കടപ്പാടും നിറവേറ്റുന്നതിനായി എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. ഏതുപോലെ അവൻ തന്റെ നാവുകൊണ്ട് അല്ലാഹുവിന്റെ അസ്ഥിത്വത്തെയും ഗുണത്തേയും കുറിച്ച് ഏകവും അതിൽ പങ്കുകാരായി മറ്റാരുമില്ലെന്നും അംഗീകരിക്കുന്നുവോ അതുപോലെ അവന്റെ സൃഷ്ടികളോട് സഹാനുഭൂതിയോടും ലാളിത്യത്തോടും വർത്തിക്കേണ്ടതാണ്.” പറയുന്നു. “ നിങ്ങളുടെ പരസ്പരമുള്ള ബന്ധം ശരിയാകാത്തിടത്തോളം കാലം അല്ലാഹുവുമായുള്ള ബന്ധവും ശരിയായിത്തീരുന്നതല്ല. ഈ രണ്ട് അവകാശങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട അവകാശം അല്ലാഹുവിന്റെതാണെങ്കിൽ തന്നെയും അവന്റെ സൃഷ്ടികളോടുള്ള കടപ്പാടുകൾ നിറവേറ്റുക എന്നത് അതിന്റെ ദർപ്പണമായി കാണുന്നതാണ്. തന്റെ സഹോദരന്മാരോട് നല്ല രീതിയിൽ വർത്തിക്കാത്ത വ്യക്തിക്ക് അല്ലാഹുവിന്റെ കടപ്പാടുകളും ശരിയാംവണ്ണം നിർവ്വഹിക്കാൻ സാധ്യമല്ല.” (ഇവിടെ നാം സഹോദരനായികണ്ടാലും താൻ അവനെക്കാളും വലിയവനാണെന്നും മറ്റുള്ളവരെ താണവരായി കരുതുകയും ചെയ്താൽ അവർക്ക് വേണ്ടി പരിശ്രമിച്ചാൽ തന്നെയും അവരിൽനിന്ന് സാഹോദര്യവും നീതിയും പ്രതീക്ഷിക്കാവതല്ല.) തുടർന്ന് ഒരു സ്ഥലത്ത് പറയുന്നു. “നമ്മുടെ **നബിനായകർ** ﷺ രൂപീകരിച്ച ജമാഅത്തിലുള്ള ഓരോരുത്തരും തന്നെ പരിശുദ്ധ മനസ്സിന്റെ ഉടമസ്ഥരായിരുന്നു. ഓരോരുത്തരും തന്നെ തന്റെ ജീവനെ ദീനിനു തെണ്ടമാക്കിയിരുന്നു. കാപട്യജീവിതം നയിച്ച ആരും തന്നെ അതിൽ ഉണ്ടായിരുന്നില്ല. എല്ലാവരും തന്നെ സൃഷ്ടാവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റിയവരായിരുന്നു. ദീനിന് ദുൻയാവിനേക്കാൾ ശ്രേഷ്ഠത കൽപ്പിക്കപ്പെടുമ്പോഴാണ് അല്ലാഹുവിന്റെ കടമകൾ നിഷ്കപടമായ രീതിയിൽ നിറവേറ്റുന്നവരായി മാറുക. സൃഷ്ടികളുടെ കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധ ഉണ്ടായിത്തീരുന്നതാണ്.”

മുസ്‌ലിം നാടുകളിൽ ഈ ഒരു സ്ഥാനം അലങ്കരിക്കുന്ന ഒരു നേതാവിനെപ്പോലും നമുക്കിപ്പോൾ കാണാൻ സാധിക്കുന്നില്ല. നീതി നടപ്പിൽ വരുത്തുകയും അവകാശങ്ങൾ നൽകുകയും ചെയ്യുന്ന യഥാർഥ നേതാക്കന്മാർ ഇല്ലാതെയാകുമ്പോൾ ജനങ്ങൾ തങ്ങളുടെ അവകാശങ്ങൾ നേടിടെയുക്കാനും തങ്ങളുടെ സ്വാതന്ത്ര്യം കരസ്ഥമാക്കാനും തങ്ങളുടെതായ രീതികൾ അവലംബിക്കുന്നു. ഞാൻ പറഞ്ഞതുപോലെ തൽപരകക്ഷികൾ അവരുടെ താൽപര്യങ്ങൾ ഇതുമുഖേന നേടിയെടുക്കാൻ ശ്രമിക്കുന്നു. നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും പേരും പറഞ്ഞ് അക്രമത്തിന്റെ പുതിയ പുതിയ അധ്യായങ്ങൾ രചിക്കപ്പെടാൻ തുടങ്ങുന്നു.

ചുരുക്കത്തിൽ ഇന്നുള്ള സ്വാതന്ത്ര്യം എന്ന് പറയുന്നത് ഒരു അടിമത്വത്തിൽ നിന്നും മോചിതമായി മറ്റൊരു അടിമത്വത്തിലേക്കുള്ള ചേക്കേറൽ മാത്രമാണ്. ആഫ്രിക്കയിലെ അധികം നാടുകളിലും ഒന്ന് കണ്ണോടിച്ചു നോക്കുക. പല അറബുരാഷ്ട്രങ്ങളിലും ഒന്ന് കണ്ണോടിക്കുക. ഈ ഒരവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അന്യരുടെ അടിമത്വത്തിൽ നിന്ന് മോചനം ലഭിച്ചിട്ടുണ്ടെങ്കിൽ തന്നെ സ്വന്തം ആളുകളുടെ അടിമത്വത്തിൽ ചെന്നുവീഴുകയുണ്ടായി. അറബ്നാട്ടിലെ രാഷ്ട്ര നേതാക്കന്മാരും ആഫ്രിക്കൻ നാടുകളിലെ നേതാക്കന്മാരും വിപ്ലവത്തിന്റെ പേരും പറഞ്ഞ് ഭരണകൂടങ്ങളെ പിടിച്ചടക്കുന്ന സൈന്യവും മതനേതാക്കളും ഉലമാക്കൾ എന്ന് പറയുന്നവരും ഒരു യാഥാർഥ്യം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അവരുടെ നാട്ടുകാരെ അടിമത്വത്തിന്റെ ചങ്ങലകളിൽ ബന്ധിക്കുന്നതുകൊണ്ടും നീതിയിലധിഷ്ഠിതമായ ഭരണം നടത്താത്തതുകൊണ്ടും മറ്റുള്ളവരുടെ അവകാശങ്ങൾ നൽകാത്തതുകൊണ്ടും അവർ അല്ലാഹുവിന്റെ പിടിയൽ വരുന്നതാണ്. ഓരോ ഇടയനോടും അവന്റെ ആട്ടിൻപ്പറ്റത്തെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിയോ എന്ന് ചോദിക്കപ്പെടും. നാട്ടിലെ സമ്പത്ത്കൊണ്ട് സ്വന്തം ഖജനാവ് നിറക്കുകയാണോ നിങ്ങൾ ചെയ്തത്. ഇസ്‌ലാം, അല്ലാഹു, റസൂൽ എന്ന പേരെല്ലാം നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഇസ്‌ലാമിന്റെ മൂല്ല്യങ്ങൾ നിങ്ങൾ സംരക്ഷിച്ചോ. നിഷേധാർത്ഥത്തിലാണ് മറുപടിയെങ്കിൽ അല്ലാഹു ശിക്ഷിക്കുന്നതാണ്. അല്ലാഹുവിന്റെ മുമ്പിൽ കളവ് പറയാൻ കഴിയില്ല. അല്ലാഹുവിന്റെ മുമ്പിൽ ഒന്നും മറച്ചുവെക്കാൻ പറ്റില്ല.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. യഥാർഥ വിശ്വാസി

وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ

അവർ തങ്ങളുടെ അമാനത്തുകളെയും വാഗ്ദാനങ്ങളെയും ശ്രദ്ധിക്കുന്നതാണ്. നേതാക്കന്മാർ അവരുടെ അമാനത്തുകളെ ക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. അവർ പ്രതിജ്ഞ എടുക്കുമ്പോൾ അല്ലാഹുവിനെയാണ് സാക്ഷി നിറുത്തുന്നത്. നാട്ടിന്റെ ഉന്നമന ത്തിനായും ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടിയും പ്രവർത്തിക്കുന്നതാണെന്നും അവരുടെ അവകാശ ങ്ങൾ നൽകുന്നതിനും നീതി നടപ്പിൽ വരുത്തുന്നതിനും സ്വാത ന്ത്ര്യത്തിനു വേണ്ടിയും എന്തു മാർഗങ്ങളും സ്വീകരിക്കുന്നതാ ണെന്നും പ്രതിജ്ഞ എടുക്കുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറ യട്ടെ; പൊതുവിൽ എല്ലായിടത്തും സമൂഹത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതായാണ് കണ്ട് വരുന്നത്. പണ്ഡിതന്മാരാണെ ങ്കിൽ ദീനിനെ വരുമാനമാർഗമാക്കി മാറ്റി. പൊതുജനങ്ങളെ അനാ ചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും കുടുക്കി തങ്ങളുടെ കീഴിൽ ഒതുക്കി നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പൊതുജന ങ്ങളാണെങ്കിൽ അവരും തങ്ങളുടെ കടമകൾ നിറവേറ്റുന്നില്ല. ചുരുക്കത്തിൽ അമാനത്തുകളോടുള്ള ഉത്തരവാദിത്വം വേണ്ട രീതിയിൽ നിറവേറ്റാത്തതുകൊണ്ട് ഓരോരുത്തരും തന്നെ അല്ലാ ഹുവിന്റെ ശിക്ഷയെ മാടി വിളിക്കുകയാണ് ചെയ്യുന്നത്. ഇന്ന് നാടുകളിൽ കണ്ടുവരുന്ന കുഴപ്പങ്ങളെല്ലാം ഇതിന്റെ പരിണിത ഫലങ്ങളാണ്. തീവ്രവാദം, സാമ്പത്തിക അരാചകത്വം, അശാ ന്തി, എന്നിവ ഇന്നുള്ള അവസ്ഥ മാത്രമല്ല. ഇതെല്ലാം വളരെ ഭയാ നകമായ ഒരു ഭാവിയുടെ സൂചന കൂടി നൽകുന്നുണ്ട്.

പാകിസ്ഥാന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 62,63 വർഷം പിന്നിട്ടിരി ക്കുകയാണ്. അവിടെ ഇതെല്ലാം അതിന്റെ എല്ലാ സീമകളെയും അതിലംഘിച്ചിരിക്കുന്നതായി കാണാം. നിത്യവും ഇവയിലെല്ലാം അവിടെ വർദ്ധനവ് മാത്രമാണ് കാണുന്നത്. നാളെ എന്തായി ത്തീരും എന്ന് ആർക്കും ഒന്നും പറയാൻ പറ്റാത്ത അവസ്ഥയാ ണ്. അതുകൊണ്ട് ശോഭനമായ ഒരു ഭാവി നമുക്കെങ്ങിനെ പ്രതീ ക്ഷിക്കാൻ സാധിക്കും. ഇംഗ്ലീഷുകാരുടെ അടിമത്വത്തിൽ നിന്നും മോചനം ലഭിച്ചു എന്നത് ശരി. എന്നാൽ സ്വന്തം ആളുകളുടെ അടിമത്വത്തിന്റെ ചങ്ങല മുമ്പെത്തേക്കാൾ കൂടുതൽ ഞെരുക്കി ക്കളയുകയാണ് ചെയ്തത്. *അല്ലാഹു ആ നാടിനോട് കരുണ ചൊരിയുമാറാകട്ടെ.* പാക്കിസ്ഥാനെ നേടിയെടുത്തുകൊണ്ട് പാക്കി സ്ഥാൻ സ്ഥാപകൻ പ്രഖ്യാപിച്ചിരുന്നത് ഇവിടെ എല്ലാ മത സ്ഥർക്കും മതസ്വാതന്ത്ര്യം ഉണ്ടെന്നായിരുന്നു. പാകിസ്ഥാൻ പൗരൻ എന്ന നിലക്ക് എല്ലാ പൗരന്മാരും തുല്ല്യരാണ്. എന്നാൽ ഇന്നവിടെ അഹ്മദികളോട് എന്തെല്ലാമാണ് ചെയ്തുകൂട്ടാത്തത്. തെറ്റായ കാര്യങ്ങൾ ആരോപിക്കുന്നു. **ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫ** ﷺ **തിരുമേനി**യുടെ അടിമത്വ ത്തിൽ കഴിച്ചുകൂടുന്നതിന് ഓരോ അഹ്മദിയും ആയിരമായിരം സ്വാതന്ത്ര്യത്തേക്കാളും മുൻഗണന നൽകുന്നവരാണ്. അതി നായി തങ്ങളുടെ ശിരച്ഛേദത്തിന് പോലും അവർ തയ്യാറാണ്. അഹ്മദികൾക്കെതിരിൽ കറ്റുകെട്ടും കുപ്രചരണവും നടത്തി ക്കൊണ്ട് അഹ്മദികളെക്കുറിച്ച് പറയുന്നത് നഊദുബില്ലാഹ് ഞങ്ങൾ **തിരുനബി** ﷺ യെ നിന്ദിക്കുന്നവരാണെന്നാണ്. ഞങ്ങൾ ഞങ്ങളുടെ പൗരാവകാശ നിഷേധത്തിന് ഒരു പുല്ലുവി ലയും കൽപ്പിക്കുന്നില്ല. അത് ഞങ്ങൾക്ക് പ്രശ്നമല്ല. എല്ലാ വിധ അവകാശങ്ങളും ഞങ്ങൾക്ക് നിഷേധിക്കപ്പെട്ടാലും ഞങ്ങൾ സഹിക്കാൻ തയ്യാറാണ്. സഹിക്കുന്നുമുണ്ട്. എന്നാൽ ഈ നാമ ധാരികളായ മുല്ലാവർഗത്തിന്റെയും ഭരണാധികാരികളുടെയും ആഗ്രഹമനുസരിച്ച് ഞങ്ങൾ ഞങ്ങളെ **തിരുനബി** ﷺ യുടെ ദാസത്വത്തിൽ നിന്ന് ഒരിക്കലും മാറ്റിനിർത്താൻ തയ്യാറല്ല. അഹ്മ ദികൾ പാകിസ്ഥാനിൽ തങ്ങളുടെ സമ്മതിദാനാവകാശം വിനി യോഗിക്കാത്തത് എന്തുകൊണ്ടാണെന്നറിയാമോ? പാകിസ്ഥാൻ ഭരണകൂടം പറയുന്നത് നിങ്ങൾക്ക് വോട്ട് ചെയ്യണമെങ്കിൽ, സ്വാതന്ത്ര്യം വേണമെങ്കിൽ നിങ്ങൾ മുസ്ലിംകളല്ലെന്നും നിങ്ങൾക്ക് **തിരുനബി** ﷺ യുമായി ബന്ധമില്ലെന്നും നിങ്ങൾ പ്രഖ്യാപിക്കുക എന്നാണ്. എന്നാൽ അല്ലാഹുവാണെ സത്യം! ഞങ്ങളിലുള്ള ഓരോ അഹ്മദിയും തങ്ങളുടെ ശരീരം തുണ്ടം തുണ്ടമാക്കാൻ തയ്യാറാണ്. എന്നാൽ ഞങ്ങളുടെ യജമാനനും നേതാവുമായ **ഹദ്റത്ത് മുഹമ്മദ് മുസ്തഫ** ﷺ **തിരുമേനി** യിൽ നിന്നും ഞങ്ങളെ അകറ്റുന്ന ഒരു സമ്മതിദാനവകാശത്തി ലേക്കും ഞങ്ങൾ തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ല. അതു കൊണ്ട് അങ്ങനെയുള്ള സ്വാതന്ത്ര്യം ഭൗതികരായ നിങ്ങൾക്ക് ഭൂഷണമായിരിക്കട്ടെ. അങ്ങനെയുള്ള സ്വാതന്ത്ര്യത്തിന് പകരം ഞങ്ങൾ ഇഷ്ടപ്പെടുന്നത് **തിരുനബി** ﷺ യുടെ പാദത്തിന്റെ മൺതരികളാക്കി മാറിക്കൊണ്ട് അല്ലാഹുവിന്റെ യഥാർഥ ദാസ രാക്കിത്തീർക്കുന്ന അടിമത്വത്തെയാണ്. അത് സൃഷ്ടാവിനോ ടുള്ള കടപ്പാടുകളെ മനസ്സിലാക്കിത്തന്നുകൊണ്ട് അത് നിറവേ റ്റുന്നവരാക്കി ഞങ്ങളെ മാറ്റുന്നതാണ്. അതേപോലെ സൃഷ്ടക ളോടുള്ള കടമകൾ മനസ്സിലാക്കിക്കൊണ്ട് അത് നിറവേറ്റുന്നവ രുമാക്കിത്തീർക്കുന്നതാണ്. ഇൻശാ അല്ലാഹുതആല ഒരു കാലം വരും; ഞങ്ങളുടെ ഈ വിനയത്വം, ഞങ്ങളുടെ ഈ അടിമത്വം ലോകത്തിന്ന് യഥാർഥ സ്വാതന്ത്ര്യമെന്താണെന്ന് കാണിച്ചുകൊ ടുക്കുന്നതായിരിക്കും. ഇന്ന് സ്വതന്ത്രരാണെന്ന് പറയുന്നവർ അനാചാരത്തിന്റെയും മറ്റു ഭാരങ്ങളുടെയും ബന്ധനത്തിലാണു ള്ളത്. ഇവരൊ ഇവരുടെ മക്കളോ മുഹമ്മദീ മസീഹിന്റെ ദാസ ത്വത്തിൽ ഒരു നാൾ അഭിമാനം കൊള്ളുന്നതായിരിക്കും. ഇതുമു ഖേന അവർക്ക് **ഖാത്തമുൽ അമ്പിയ ഹദ്റത്ത് മുഹമ്മദ് മുസ്തഫ** ﷺ ഇവിടെ സ്ഥാപിക്കാൻ വന്ന യഥാർഥ സ്വാതന്ത്ര്യം എന്താണെന്ന് മനസ്സിലാകുന്നതാണ്. *അല്ലാഹു ഈ സ്വാതന്ത്ര്യ ത്തിന്റെ ദിനങ്ങൾ വേഗം കാണിക്കുമാറാകട്ടെ. അല്ലാഹു അയച്ച വ്യക്തികളെ നിഷേധിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ആ ഭീകരമായ അവസ്ഥയിൽ നിന്നും രക്ഷപ്പെടുമാറാകട്ടെ. അല്ലാഹു ഓരോ അഹ്മദിക്കും ക്ഷമയോടും സ്ഥിരചിത്തതയോടും ഈ കാഠിന്യത്തിന്റെ നാളുകൾ ദുആയിൽ കഴിച്ചുകൂട്ടാൻ തൗഫീഖ് നൽകുമാറാകട്ടെ.*

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 November 25 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut.
Page Layout: T. Jamshad Mukkam.
Published by: Majlis Khuddamul Ahmadiyya, North Kerala